**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 311** **03-03-2023 - ൽ മറുപടിയ്ക്ക്**

**റീ ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമുകളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അതിതീവ്ര മഴയുടെയും പ്രളയങ്ങളുടെയും പശ്ചാത്തലത്തിൽ ദുരന്ത പ്രതിരോധശേഷിയുള്ള അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടുള്ള റീ ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമുകളുടെ പുരോഗതി അറിയിക്കാമോ; | (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് 14 വകുപ്പുകളിലായി 8232 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ മിക്കവയും ബഹുവർഷ പദ്ധതികളാണ്. റോഡ്, പാലം, വില്ലേജ് ഓഫീസ്, അംഗൻവാടി തുടങ്ങിയ അടിസ്ഥാനസൗകര്യപദ്ധതികൾ, ജനങ്ങ ളുടെ, പ്രത്യേകിച്ച് ആദിവാസികൾ തുടങ്ങിയ ദുർബല വിഭാഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ, പരിസ്ഥിതി- വന സംരക്ഷണ പദ്ധതികൾ, ആധുനിക സാങ്കേതിക വിദ്യകളുടെ ഫലപ്രദമായ ഉപയോഗം സാധ്യമാക്കുന്ന ഡിജിറ്റൽ റീസർവേ, കെ.ഡബ്ള്യു.ആർ. എസ്., മാപ്പത്തോൺ തുടങ്ങിയ വൈവിധ്യമാർന്ന പദ്ധതികളാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഏറ്റെടുത്തിട്ടുള്ളത്. 5590 കോടി രൂപയുടെ പദ്ധതികൾ ടെണ്ടർ ചെയ്തു. ഇവയിൽ പല പദ്ധതികളും പൂർത്തിയായിട്ടുണ്ട്. വിവിധ പദ്ധതികൾക്കായി 2670 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | 2027 വർഷത്തോടുകൂടി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്ന പ്രസ്തുത പദ്ധതിയിൽ ഇതുവരെ എത്ര തുകയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് 14 വകുപ്പുകളിലായി 8232 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ മിക്കവയും ബഹുവർഷ പദ്ധതികളാണ്. റോഡ്, പാലം, വില്ലേജ് ഓഫീസ്, അംഗൻവാടി തുടങ്ങിയ അടിസ്ഥാനസൗകര്യപദ്ധതികൾ, ജനങ്ങ ളുടെ, പ്രത്യേകിച്ച് ആദിവാസികൾ തുടങ്ങിയ ദുർബല വിഭാഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ, പരിസ്ഥിതി- വന സംരക്ഷണ പദ്ധതികൾ, ആധുനിക സാങ്കേതിക വിദ്യകളുടെ ഫലപ്രദമായ ഉപയോഗം സാധ്യമാക്കുന്ന ഡിജിറ്റൽ റീസർവേ, കെ.ഡബ്ള്യു.ആർ. എസ്., മാപ്പത്തോൺ തുടങ്ങിയ വൈവിധ്യമാർന്ന പദ്ധതികളാണ് |

| | | | |
|---|---|---|---|
| | | | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഏറ്റെടുത്തിട്ടുള്ളത്. 5590 കോടി രൂപയുടെ പദ്ധതികൾ ടെണ്ടർ ചെയ്തു. ഇവയിൽ പല പദ്ധതികളും പൂർത്തിയായിട്ടുണ്ട്. വിവിധ പദ്ധതികൾക്കായി 2670 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ പുനഃസൃഷ്ടിയോടൊപ്പം ഭാവിയിൽ ഉണ്ടായേക്കാവുന്ന മഹാമാരികളുടെ പശ്ചാത്തലത്തിൽ പകർച്ചവ്യാധികൾക്കും രോഗങ്ങൾക്കുമെതിരെ പൊതുജനാരോഗ്യ സംവിധാനം ശക്തിപ്പെടുത്തുന്നതിന് റീ ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിൽ പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ? | (സി) | ആർ.കെ.ഐ. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് വഴി നടപ്പിലാക്കുന്ന സുപ്രധാന പദ്ധതിയാണ് ഏകാരോഗ്യം (വൺ ഹെൽത്ത്) പരിപാടി.<br><br>മനുഷ്യന്റെ ആരോഗ്യം എന്നത് പരിസ്ഥിതിയുടെയും ഇതര ജീവികളുടെയും ആരോഗ്യവുമായി അഭേദ്യമായി ബന്ധപ്പെട്ടതാണെന്നും അതിനാൽ മനുഷ്യന്റെ ആരോഗ്യത്തിന് പരി സ്ഥിതിയുടെയും മറ്റു ജീവജാലങ്ങളുടെയും ആരോഗ്യകരമായ നിലനിൽപ് അനിവാര്യമാണെന്നുമുള്ള ആശയത്തിലൂ ന്നിയാണ് ഏകാരോഗ്യം പ്ലാറ്റ്ഫോമിന് രൂപം നൽകിയിട്ടുള്ളത്.<br><br>ജന്തുജന്യ രോഗങ്ങളുടെ (Zoonotic Diseases) വ്യാപനം ട്രാക്ക് ചെയ്യുന്നതിനും അതിനോട് പ്രതികരിക്കുന്നതിനുമുള്ള സംസ്ഥാനത്തിന്റെ ശേഷി തദ്ദേശതല ത്തിലുള്ള വൺ ഹെൽത്ത് (One Health) പ്ലാറ്റ്ഫോമിലൂടെ വർധിപ്പിക്കുന്നതിനായി അഞ്ചു വർഷത്തേക്കുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്.<br><br>പമ്പാനദീതട ജില്ലകൾക്ക് ഊന്നൽ നൽകിയാണ് ലോകബാങ്കിന്റെയും മറ്റ് അന്താരാഷ്ട്ര ഏജൻസികളുടെ യും സാങ്കേതിക-സാമ്പത്തിക സഹായത്തോ ടെ ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി 2022-23വർഷത്തിലേക്ക് ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് സമർപ്പിച്ച 49.02 കോടി രൂപയുടെ പ്രവർത്തന പദ്ധതിക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.<br><br>ജന്തു ജന്യരോഗങ്ങൾ പൊട്ടിപ്പുറ പ്പെടുന്നതിന് കാരണമാകുന്ന അസാധാര ണ സംഭവങ്ങൾ മനസിലാക്കുന്ന തിനായുള്ള സുസ്ഥിര നിരീക്ഷണ സംവിധാനങ്ങൾ, ജന്തു ജന്യരോഗങ്ങളുടെ പകർച്ച എത്രയും നേരത്തേ കണ്ടെത്തൽ, ജന്തുജന്യരോഗങ്ങളെ പ്രതിരോധിക്കുന്ന തിനും അവയുടെ പകർച്ച തടയുന്ന തിനുമായി രോഗസാഹചര്യങ്ങളെ സാമൂഹിക പങ്കാളിത്തത്തോടെ നേരിടൽ എന്നിവ ഈ പദ്ധതിയുടെ ഭാഗമാണ്. |

സെക്ഷൻ ഓഫീസർ